"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം വികസന അതോറിറ്റി - 9, 10 ശമ്പള പരിഷ്കരണ ഉത്തരവുകൾ ബാധകമാക്കിയ സർക്കാർ ഉത്തരവുകളിൽ ഉൾപ്പെടാത്തതും, പി.എസ്.സി വഴിയും, സർക്കാർ അനുമതിയോടുകൂടി നിയമിച്ചവരുമായ ട്രിഡ ജീവനക്കാർക്ക് 9, 10 ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ച നടപടി - സാധൂകരിച്ച് - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(കൈ) നം.54/2026/LSGD തീയതി,തിരുവനന്തപുരം, 14-02-2026

---

പരാമർശം:-

1. 06.12.2011-ലെ സ.ഉ(കൈ) നം.304/2011/തസ്വഭവ
2. 28.11.2012-ലെ സ.ഉ.(കൈ) നം.311/2012/തസ്വഭവ
3. 19.01.2021-ലെ സ.ഉ.(കൈ) നം.10/2021/തസ്വഭവ
4. ട്രിഡ സെക്രട്ടറിയുടെ 31.03.2016, 26.11.2016, 01.03.2018, 04.01.2022 തീയതികളിലെ എ1/226/2016/ട്രിഡ നമ്പർ കത്ത്
5. ട്രിഡ സെക്രട്ടറിയുടെ 25.05.2016, 26.07.2022, 20.12.2023, 22.01.2024, 07.02.2026 തീയതികളിലെ എ1/393/2021/ട്രിഡ നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം വികസന അതോറിറ്റിയിൽ പരാമർശം (1), (2), (3) പ്രകാരം 16 തസ്തികകളിലായി 23 പേർക്ക് 9-ഉം, 10-ഉം ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവായിരുന്നു.

2. എന്നാൽ 9-ഉം, 10-ഉം ശമ്പള പരിഷ്കരണ ഉത്തരവ് നിലവിൽ വന്ന കാലയളവിൽ എസ്റ്റാബ്ലിഷ്മെന്റ് ഷെഡ്യൂൾ പ്രകാരം 43 തസ്തികകളിലായി 70 പോസ്റ്റുകൾ ഉണ്ടെങ്കിലും (2 സൂപ്പർ ന്യൂമററി തസ്തികകളുൾപ്പടെ), പരാമർശം (1), (2), (3) പ്രകാരം 16 തസ്തികകളിലായി 23 പേർക്ക് മാത്രമാണ് 9-ഉം, 10-ഉം ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവായതെന്നും, ട്രിഡ പി.എസ്.സി വഴിയും കൂടാതെ സർക്കാർ അനുമതിയോട്ടു കൂടിയും നിയമിച്ച ജീവനക്കാർക്ക് 9, 10 പരിഷ്കരണങ്ങളുടെ ആനുകൂല്യങ്ങൾ നിലവിൽ ലഭിച്ച് വരുന്ന സാഹചര്യത്തിൽ ട്രിഡയ്ക്ക് 9-ഉം, 10-ഉം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ടുള്ള പരാമർശം (1), (2), (3) ഉത്തരവിലെ അപാകതകൾ പരിഹരിക്കണമെന്ന് പരാമർശം (4) (5) പ്രകാരം, ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ട്രിഡ പി.എസ്.സി വഴിയും കൂടാതെ സർക്കാർ അനുമതിയോട്ടു കൂടിയും നിയമിച്ച ജീവനക്കാർക്ക് 9, 10 ശമ്പള പരിഷ്കരണങ്ങളുടെ ആനുകൂല്യങ്ങൾ നിലവിൽ ലഭിച്ച് വരുന്ന സാഹചര്യത്തിൽ, ട്രിഡയുടെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചതിന് ശേഷം മാത്രമേ റഗുലർ/ഗ്രേഡ് പ്രൊമോഷനുകൾ അടക്കമുള്ള സർവീസ് ആനുകൂല്യങ്ങളും തുടർന്നുള്ള ശമ്പള പരിഷ്കരണങ്ങളും ടി ജീവനക്കാർക്ക് അനുവദിക്കുകയുള്ളൂ എന്നുള്ള വ്യവസ്ഥകൾക്ക് വിധേയമായി, ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം 9, 10 ശമ്പള പരിഷ്കരണങ്ങളുടെ

ആനുകൂല്യങ്ങൾ അനുവദിച്ച ടിഡയുടെ നടപടി മാത്രം സാധൂകരിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | 9, 10 ശമ്പള പരിഷ്കരണം അനുവദിക്കേണ്ട തസ്തികകളുടെ എണ്ണം. (PSC നിയമനം / സർക്കാർ ഉത്തരവ് വഴി നിയമനം) | പ്രീ റിവൈസ്ഡ് സ്കെയിൽ (as per 8th Pay Revision) | പ്രൊപ്പോസ്ഡ് സ്കെയിൽ (as per 9th Pay Revision) | പ്രൊപ്പോസ്ഡ് സ്കെയിൽ (as per 10th Pay Revision) |
|---|---|---|---|---|---|
| 1 | സെക്രട്ടറി | 1 | | As in PD | As in PD |
| 2 | അക്കൗണ്ട്സ് ഓഫീസർ | 1 | 12250-19800 | 21240-37040 | 40500-85000 |
| 3 | അസിസ്റ്റന്റ് ടൗൺ പ്ലാനർ | 1 | 11070-18450 | 20740-36140 | 39500-83000 |
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 1 | 11070-18450 | 20740-36140 | 39500-83000 |
| 5 | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) (സൂപ്പർ ന്യൂമററി) | 1 | 11070-18450 | 20740-36140 | 39500-83000 |
| 6 | അസിസ്റ്റന്റ് ഗ്രേഡ് II/എൽ.ഡി.ക്ലാർക്ക് | 4 | 5650-8790 | 9940-16580 | 19000-43600 |
| 7 | ടൈപ്പിസ്റ്റ് ഗ്രേഡ് II | 1 | 5650-8790 | 9940-16580 | 19000-43600 |
| 8 | എൽ.ഡി. ടൈപ്പിസ്റ്റ് (സൂപ്പർ ന്യൂമററി) | 1 | 5650-8790 | 9940-16580 | 19000-43600 |
| 9 | ഓവർസിയർ/ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I (സിവിൽ) | 2 | 7990-12930 | 13900-24040 | 26500-56700 |
| 10 | ആർക്കിടെക്ചറൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I | 1 | 7990-12930 | 13900-24040 | 26500-56700 |
| 11 | ഓവർസിയർ/ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I (സിവിൽ)/സർവേയർ ഗ്രേഡ് I | 1 | 7990-12930 | 13900-24040 | 26500-56700 |
| 12 | ഓവർസിയർ/ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II (സിവിൽ) | 5 | 6680-10790 | 11620-20240 | 22200-48000 |
| 13 | ഡ്രൈവർ ഗ്രേഡ് II | 1 | 5250-8390 | 9190-15780 | 18000-41500 |
| 14 | പ്യൂൺ | 5 | 4510-6230 | 8500-13210 | 16500-35700 |
| 15 | ചെയിൻമാൻ | 2 | 4510-6230 | 8500-13210 | 16500-35700 |
| 16 | വാച്ചർ | 1 | 4510-6230 | 8500-13210 | 16500-35700 |
| 17 | ഗാർഡനർ | 1 | 4630-7000 | 8730-13540 | 17000-37500 |
| | **ആകെ** | 30 | | | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ.)/(ജി&എസ്.എസ്.എ),കേരള, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ധനകാര്യവകുപ്പ് (19.07.2025-ലെ WCD-3/45/2025-Fin പ്രകാരം)
പൊതുഭരണ (എസ്.സി.)വകുപ്പ് (11.02.2026-ലെ ഇനം നമ്പർ 3665 പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 16-02-2026 10:59:01
സെക്ഷൻ ഓഫീസർ